**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 488

07.01.2014- ലെ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.രാധാകൃഷ്ണൻ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) വിവിധ സഹകരണ ബാങ്കുകളിലും, മറ്റ് സഹകരണ സ്ഥാപനങ്ങളിലും എല്ലാ വിഭാഗങ്ങളിലുമായി ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്ന് പറയാമോ; | (എ) സഹകരണ സംഘം രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ ബാങ്കുകളിലും, മറ്റ് സഹകരണ സ്ഥാപനങ്ങളിലും എല്ലാ വിഭാഗങ്ങളിലുമായി ആകെ 40,860 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. |
| ബി) ഇവരിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 3,124 ജീവനക്കാരുണ്ട്. |
| സി) സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളിലും നിയമനങ്ങളിൽ നിയമാനുസരണമുള്ള സംവരണ ചട്ടങ്ങൾ പാലിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (സി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.<br>1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്ന അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെയും, ജില്ലാ സഹകരണ ബാങ്കുകളിലെയും എല്ലാ നിയമനങ്ങളിലും നിയമാനുസരണമുള്ള എല്ലാ സംവരണ ചട്ടങ്ങളും പാലിക്കുന്നുണ്ട്. |

2. സഹകരണ പരീക്ഷാ ബോർഡു മുഖേനയും, സഹകരണ സംഘം ഭരണസമിതികൾ നേരിട്ട് നിയമനം നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങളിലെയും അർബൻ സഹകരണ ബാങ്കുകളിലെയും ഭൂരിപക്ഷം നിയമനങ്ങളിലും 1969 ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 80(4) പ്രകാരമുള്ള പട്ടികജാതി/പട്ടികവർഗ്ഗ സംരവണവും വകുപ്പ് 80(5) പ്രകാരമുള്ള അംഗപരിമിതരുടെ സംവരണവും പാലിക്കുന്നുണ്ട്.

(ഡി) ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളിൽ സംവരണ ചട്ടങ്ങൾ പാലിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ?

(ഡി) ചില സഹകരണ സംഘങ്ങളിൽ, പട്ടികജാതി/പട്ടികവർഗ്ഗ സംവരണ വിഭാഗത്തിലുള്ള ജീവനക്കാരുടെ റിട്ടയർമെന്റ് കാരണത്താലും ചില സംഘങ്ങളിലെ ഭരണ സമിതികൾ യഥാവിധി നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത കാരണത്താലും നിയമാനുസരണമുള്ള പട്ടികജാതി/പട്ടികവർഗ്ഗ സംവരണം നിശ്ചിത കാലങ്ങളിൽ പാലിക്കപ്പെട്ടിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അംഗപരിമിതർക്ക് സംവരണ വ്യവസ്ഥ പ്രാബല്യമാക്കി 28.04.2010 ൽ നിലവിൽ വന്ന 1969 ലെ കേരള സഹകരണ സംഘം നിയമഭേദഗതിയ്ക്ക് ശേഷം സഹകരണ സ്ഥാപനങ്ങളിൽ അംഗപരിമിതർക്കായി സംവരണം ചെയ്തിട്ടുള്ള നിശ്ചിത തസ്തികകളിൽ ഒഴിവുകൾ ഉണ്ടായിട്ടില്ലാത്ത കാരണത്താൽ അംഗപരിമിതർക്കുള്ള സംവരണം പാലിക്കപ്പെട്ടിട്ടില്ലാത്ത സംഘങ്ങൾ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ